(ബി) ഇതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈവർഷത്തെ ബഡ്ജറ്റിൽ 22,171.64 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 30.11.99-ലെ കണക്കനുസരിച്ച് 10,698.07 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

124 (1343) റോഡ് ടെൻഡർ നൽകിയതിൽ ക്രമക്കേട്

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആന്റ്.എ.ജി.യുടെ 1997 മാർച്ച് 31-ലെ നമ്പർ 3 സിവിൽ റിപ്പോർട്ടിൽ ഐറ്റം നമ്പർ 4.1.9.ൽ ഡിപ്പോർട്ട്മെന്റ് നേരിട്ട് വർക്ക് നടത്തുമ്പോൾ എസ്റ്റിമേറ്റ് റേറ്റിൽ കൂടുതൽ നൽകാൻ പാടില്ല എന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്കുള്ള റോഡ് ടെൻഡർ നൽകിയതിൽ സി.ആന്റ്.എ.ജി.യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് 1996 ഷെഡ്യൂൾ റേറ്റ് പ്രകാരം തയ്യാറാക്കിയതിനാലാണ് 1999-ൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് എസ്റ്റിമേറ്റ് റേറ്റിൽ 55 % അധികമല്ലാത്ത തുകയ്ക്ക് പണി നടത്താൻ അനുവാദം നൽകിയത്.

125 (1344) പാറശ്ശാല നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡുകൾ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ സഞ്ചാരയോഗ്യമല്ലാതായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടെൻഡർ കൊടുത്ത റോഡുകളുടെ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ ടാർ എത്രയും വേഗം നൽകി റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അറ്റകുറ്റപ്പണികൾ അത്യാവശ്യമായിട്ടുള്ള ഉദ്ദേശം 22 കി.മീറ്റർ ദൂരം റോഡ് അടിയന്തിരമായി പണി പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

126 (1345) റോഡിന്റെ വളവുകൾ നേരെയാക്കുന്നതിന് നടപടി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം-കൂത്താട്ടുകുളം റോഡിൽ പിറവത്തിനും അഞ്ചൽപെട്ടിക്കും ഇടയ്ക്കുള്ള വളവുകൾ നേരെയാക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്നത്തേക്ക് ഇതിന്റെ പണികൾ തുടങ്ങുവാൻ കഴിയും;

(സി) പ്രസ്തുത റോഡിൽ തിരുമാറാടിയിൽനിന്ന് അട്ടിൻകുന്ന്, മണ്ണത്തൂർ, സെന്റ്ജോർജ് പള്ളി ജംഗ്ഷൻവഴി എം.സി. റോഡിൽ ആറൂരിൽ വന്നെത്തുന്ന റോഡിന്റെ നിർമ്മാണം പൂർത്തിയാകാത്ത ഭാഗം എന്നത്തേക്ക് ഏറ്റെടുത്ത് പണികൾ ആരംഭിക്കും;

(ഡി) ഇതിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

ഉത്തരം

(എ)&(ബി) വളവുകൾ നേരെയാക്കുന്നതിന് വേണ്ട സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കിവരികയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയശേഷമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി)&(ഡി) പ്രസ്തുത ഭാഗത്തിന്റെ പണി അറേഞ്ച് ചെയ്യാൻ സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ഏറ്റെടുക്കുന്നതാണ്.

127 (1346) ചെങ്ങന്നൂർ മണ്ഡലത്തിലെ റോഡുകൾ

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം പി.ഡബ്ല്യു.ഡി റോഡുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പി.ഡബ്ല്യു.ഡി. ഏതെല്ലാം എന്നും അവ എന്നാണ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത് എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര കിലോമീറ്റർ ദൂരം റോഡുകൾ പി.ഡബ്ല്യു.ഡി ഏറ്റെടുത്തു എന്നും അതിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം റോഡുകൾ പുതിയതായി പി.ഡബ്ല്യു.ഡി ഏറ്റെടുത്തു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly